(Pages : 4) **N – 4097**

Reg. No. : ...............................

Name : ...................................

# First Semester B.Com. Degree Examination, June 2022

## First Degree Programme under CBCSS

## Malayalam

## Language Course II – Additional Language I

## ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം

## (2020 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. മഞ്ഞവെയിൽ മരണങ്ങൾ ആരുടെ കൃതിയാണ്?

2. അശ്വമേധം എന്ന നാടകത്തിന്റെ രചയിതാവാര്?

3. ഒരു തെരുവിന്റെ കഥ ഏത് സാഹിത്യവിഭാഗത്തിൽ പെടുന്ന കൃതിയാണ്?

4. 'ഞാൻ ഗന്ധർവ്വൻ' എന്ന ചലച്ചിത്രത്തിന്റെ സംവിധായകനാര്?

5. ഒരു വടക്കൻ വീരഗാഥ എന്ന സിനിമയുടെ തിരക്കഥ രചിച്ചതാര്?

6. ഇത് ഭൂമിയാണ് എന്ന നാടകം രചിച്ചതാര്?

7. പ്രഥമ വയലാർ അവാർഡ് ലഭിച്ച കൃതി ഏത്?

8. കള്ളൻ പവിത്രൻ എന്ന കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച നടനാര്?

P.T.O.

9. ചക്കീചങ്കരം എന്ന നാടകം രചിച്ചതാര്?

10. പാതിരാസൂര്യന്റെ നാട്ടിൽ ഏത് വിഭാഗത്തിൽ പെടുന്ന കൃതിയാണ്?

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. സംഗീതനാടകം എന്നാലെന്ത്?

12. പ്രവാസം എന്ന പദത്തെ നിർവ്വചിക്കുക.

13. ചന്തുമേനോൻ - കുറിപ്പെഴുതുക.

14. തനതുനാടകം എന്നാലെന്ത്? ഉദാഹരിക്കുക.

15. വർത്തമാനപുസ്തകം - കുറിപ്പെഴുതുക.

16. 'അതായിരുന്നു ഏറ്റവും കടുത്ത അപരാധം' ഏത്? സന്ദർഭം വ്യക്തമാക്കുക.

17. 'നമ്മൾ ജീവിതത്തിൽ നിന്ന് ഏറെയൊന്നും അകലത്തല്ല നജീബ്' പറഞ്ഞതാര്? സന്ദർഭമേത്?

18. 'അള്ളാ മറ്റാരുടേയോ വിധിയിലേക്ക് നീ എന്നെ മനഃപൂർവ്വം പറഞ്ഞയയ്ക്കുകയായിരുന്നോ?' - സന്ദർഭം ഏത്?

19. 'ദാ കിടക്കുന്നു തന്റെ കിണ്ടീം ചരുവോം' ആര് ആരോട് എപ്പോൾ പറഞ്ഞു??

20. അണ്ണനെ വഞ്ചിച്ചതോടെ ഞാനും അവരെയങ്ങു വെറുത്തു. സന്ദർഭം വ്യക്തമാക്കുക.

21. ഏത് കവലയായാലും അവിടൊരു ചട്ടമ്പി വേണമല്ലോ. അതിവനാ. ഇങ്ങനെ പറയാനുള്ള സാഹചര്യമെന്ത്?

22. അരുത്. അവിടെ പൂവിടരുത്. കാരണമെന്ത്?

23. 'ആ പെൺകുട്ടിയിൽ നീ ഈ നാടിന്റെ ജീവിതം കണ്ടോ' - സന്ദർഭം വ്യക്തമാക്കുക.

24. അന്നു മുതലായിരിക്കണം ബാലിസ്ത്രീകളുടെ അകാരണ സൗഷ്ഠവത്തെപ്പറ്റി ബാഹ്യലോകം അറിഞ്ഞു തുടങ്ങിയത്. എന്നുമുതൽ?

25. ബത്തൂർ അഗ്നിപർവ്വതത്തെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

26. എസ്.കെ. പൊറ്റക്കാടിനു മലയാളസാഹിത്യത്തിലുള്ള സ്ഥാനമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. മലയാളത്തിലെ അദ്യകാല നോവലുകളുടെ സവിശേഷതകൾ വിവരിക്കുക.

28. കേരളത്തിലെ സാമുദായിക പരിഷ്ക്കരണ ശ്രമങ്ങൾക്ക് നാടകങ്ങൾ വഹിച്ച പങ്കെന്തെന്ന് വിശദമാക്കുക.

29. സഞ്ചാരസാഹിത്യം സാംസ്ക്കാരികവൈവിധ്യങ്ങളുടെ കലവറയാണ് എന്നു പറയുന്നതെന്തുകൊണ്ട്?

30. തിരക്കഥയെ സാഹിത്യരൂപമായി കണക്കാക്കാമോ? ചർച്ച ചെയ്യുക.

31. നജീബിന്റെ അതിജീവനയാത്രയിൽ ഇബ്രാഹിമിനുള്ള സ്ഥാനമെന്തെന്ന് വിവരിക്കുക.

32. രക്ഷപ്പെടുന്ന ദിവസം നജീബിനുണ്ടായ വിചാര-വികാര വിക്ഷോഭങ്ങൾ വിശദമാക്കുക.

33. നാൽക്കവല സ്വയമൊരു കഥാപാത്രമാകുന്ന അവസ്ഥ നാടകകൃത്ത് ഏത് വിധേനെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്?

34. അനാഥമാക്കപ്പെട്ട ജീവിതങ്ങളാണ് നാൽക്കവലയിൽ ഉള്ളത്. വിശകലനം ചെയ്യുക.

35. ബാലിദ്വീപിലെ ആദ്യദിനാനുഭവങ്ങൾ എന്തെല്ലാമായിരുന്നു?

36. ബാലിയിലെ വിവിധതരം നൃത്തങ്ങളെക്കുറിച്ച് വിവരിക്കുക.

37. കള്ളൻ പവിത്രൻ സമ്പന്നനായിത്തീർന്നതെങ്ങനെ?

38. മാമച്ചൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവവിശേഷങ്ങൾ വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. മലയാള നോവലിന്റെ ചരിത്രം ചുരുക്കി വിവരിക്കുക.

40. മലയാളസിനിമയിൽ പത്മരാജനുള്ള സ്ഥാനം അദ്ദേഹത്തിന്റെ സിനിമകളുടെ സവിശേഷതകളെ മുൻനിർത്തി ചർച്ചചെയ്യുക.

41. കെ.ടി. മുഹമ്മദിന്റെ നാടകങ്ങളുടെ സവിശേഷതകൾ നാൽക്കവല എന്ന നാടകത്തെ മുൻനിർത്തി വിവരിക്കുക.

42. സഞ്ചാരവിവരണത്തെ സാഹിത്യനിലവാരത്തിലേക്കു നയിക്കുന്നതിൽ എസ്.കെ. പൊറ്റക്കാടിനുള്ള സ്ഥാനമെന്തെന്ന് ബാലിദ്വീപ് എന്ന കൃതിയെ ആധാരമാക്കി വിവരിക്കുക.

43. പ്രവാസം അടിമജീവിതമാകുമ്പോഴുള്ള അവസ്ഥ ആടുജീവിതത്തിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

44. സാഹിത്യവും സിനിമയുമായുള്ള ബന്ധം മലയാളത്തിൽ സിനിമയാക്കപ്പെട്ട സാഹിത്യകൃതികളെ മുൻനിർത്തി ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

---